Mr. K. M. Ibrahim.—Were not the Government pleased to give this concession to the respectable people of the locality.

President.—That is obvious from the reply.

Mr. K. M. Ibrahim.—Can I get a taluk-war statement of this number nineteen—from which all taluks they come in?

Mr. I. N. Menon.—I want notice.

Mr. P. Kumaran Ezhuthassan.—May I know, Sir, whether the relaxation of the rule will be extended to other communities also.

Mr. I. N. Menon.—It applied only with regard to Muslims and that itself has been withdrawn.

Mr. K. M. Ibrahim.—May I know whether any enquiry was made before answering with reference to (f)?

Mr. I. N. Menon.—Enquiries have been made by the Headmasters and Inspecting Officers.

Mr. K. M. Ibrahim.—My question relates to Revenue Officers and Paryathyams.

Mr. I. N. Menon.—I restricted the question with regard to my subordinates.

Mr. K. M. Ibrahim.—Whether any enquiry was made by the Hon'ble Member for Education or any member of the Government whether any such case has been brought to their notice?

Mr. K. Achyuta Menon.—Mr. President, I will supply that information. Yes. That information was supplied from my department.

Rent on elephants brought down to Anandapuram Depressed classes Colony.

215. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഫ ഫ ഠ ൻ-ൽ ആനന്ദപുരം അധഃകൃത കോളനിയിൽ ആനയെ കൊണ്ടുവന്നവകയ്ക്ക പാട്ടം കെട്ടിത്തിട്ടുള്ള സംഖ്യയെത്ര?

(b) ടി കോളനിയിൽ ഫ ഫ ഠൻ-ൽ ശുചീകരണത്തിനുവേണ്ടി ചിലവുചെയ്തിട്ടുള്ള സംഖ്യയെത്ര?

രാമവർമ്മതമ്പുരാൻ.—(a) ആനകൾ ആന സാമാനങ്ങൾക്കുംകൂടി ഫ ഫ ക, ചിലവായിട്ടുണ്ട്.

(b) ശുചീകരണത്തിനായി ഫ ഫ ഠ ൻ-ൽ ഒന്നും ചിലവായിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ആനയ്ക്ക് പാട്ടം കൊടുക്കുമ്പോൾ ആനയുടമസ്ഥന്മാരോട് വെയ്ച്ചൂർ എഴുതി വാങ്ങാറുണ്ടോ?

രാമവർമ്മ തമ്പുരാൻ.—സർക്കാരിൽനിന്ന് അതിലേയ്ക്ക് വെയ്ച്ചൂറെഴുതിവാങ്ങിച്ചിട്ടുണ്ടായിരിയ്ക്കണം.

മിസ്റ്റർ കെ. പി. വള്ളോൻ.—ആനയുടമസ്ഥനായ നെല്ലായിമെമ്പർ മിസ്റ്റർ രാമചന്ദ്രയ്യരോട് പണം കൊടുത്ത വെയ്ച്ചൂറെഴുതി വാങ്ങിച്ചിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—വെയ്ച്ചൂറെഴുതി വാങ്ങാതെ സർക്കാർ പണം ചിലവുചെയ്യുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ആനയുടെ പാട്ടത്തിനുവേണ്ടി വെടിച്ചെലവു തരുന്നതു വാങ്ങിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—സർക്കാരിൽനിന്നാണോ അതോ കോളനിയിൽ താമസിയ്ക്കുന്നവരാണോ ചിലവുചെയ്യുന്നതെന്നു് എഴുതി ചോദിച്ചിട്ടുണ്ടു്. സർക്കാരിൽനിന്നാണെങ്കിൽ വെടിച്ചെലവുണ്ടായിരിയ്ക്കുണം. അല്ലാത്തപക്ഷം വെടിച്ചെലവില്ലാതെ കോളനിയിൽ താമസിക്കുന്നവർ ചിലവുചെയ്തിരിക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ.— സർക്കാരിൽനിന്നു ചിലവുചെയ്യാത്തതാണെങ്കിൽ ഇവിടെ എങ്ങിനെ സംഖ്യ കൊള്ളിച്ചു?

രാമവർമ്മ തമ്പുരാൻ.—ഒരു കപ്ലസ്റ്റൻ വന്നാൽ ആൻസർ പറയണ്ടേ?

മിസ്റ്റർ പാറ മാമ്പിള്ളി.—എന്തിനാവശ്യത്തിനാണു് ആനയെ കൊണ്ടുവന്നതു്?

രാമവർമ്മ തമ്പുരാൻ.—ഉത്സവത്തിനു്.

മിസ്റ്റർ പാറ മാമ്പിള്ളി.—അധികൃതസംരക്ഷകനു് ഉത്സവം നടത്തുന്ന ജോലിയുണ്ടോ?

രാമവർമ്മ തമ്പുരാൻ.—ഉവ്വു്.

മിസ്റ്റർ പാറ മാമ്പിള്ളി.— സംരക്ഷകനു് ഉത്സവം നടത്തുവാൻ ആർഡർ കൊടുത്തിട്ടുണ്ടോ?

രാമവർമ്മ തമ്പുരാൻ.—ആർഡർ ഇല്ല. എങ്കിലും ഉത്സവം നടത്തുവാൻ വിരോധമില്ല.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—ഉത്സവം നടത്തുവാനുള്ള ചിലവു ദേവസ്വം ഡിപ്പാർട്ട്മെണ്ടിൽനിന്നാണോ?

രാമവർമ്മ തമ്പുരാൻ.—ദേവസ്വംവക ഉത്സവമല്ല. കോളനിക്കാരുടെ വകയാണു്.

മിസ്റ്റർ പാറ മാമ്പിള്ളി.—ദേവസ്വത്തിൽനിന്നു പണം ചിലവുചെയ്യുവാനധികാരമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഉത്സവം കോളനിക്കാരുടെ വകയാണല്ലൊ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈവകകാര്യങ്ങളിൽ ഉടമസ്ഥനോടു വെടിച്ചെലവെഴുതി വാങ്ങണമെന്നില്ലേ; അതോ വല്ലവരോടും എഴുതി വാങ്ങിയാൽ മതിയോ?

രാമവർമ്മ തമ്പുരാൻ.—പണം സർക്കാർ വകയോ കോളനിക്കാർ പിരിച്ചെടുത്തതോ ഏതാണെന്നു ചോദിച്ചറിയാം.

മിസ്റ്റർ കെ. പി. വള്ളോൻ.—നെല്ലായി മെമ്പർ മിസ്റ്റർ രാമചന്ദ്രയ്യരാണു് ആനയെ കൊടുത്തതു്. അദ്ദേഹത്തോടു വെടിച്ചെലവെഴുതി വാങ്ങീട്ടില്ല. ആ സ്ഥിതിയ്ക്കു് ഗവർമ്മെണ്ടിൽനിന്നും വേറെ വഴിക്കു പണം ചിലവുചെയ്തിട്ടുണ്ടെങ്കിൽ അതുകൊടുക്കുവാൻ അനുവദിക്കാമോ?

രാമവർമ്മതമ്പുരാൻ.—കഴിയുന്നിടത്തോളം ഉള്ള വിവരങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇനിയെന്താണു് ഇതിലേയ്ക്കു് ഒരു മറുപടിപറയേണ്ടതെന്നു നിശ്ചയമില്ല

LIBRARY ARCHIVES Kerala Legislative Assembly